# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ഒക്ടോബർ 2024



**PARKING FACILITY FOR**
**70 CARS & 50 TWO WHEELERS**

**GENERATOR BACKUP**




# GETHSEMANY SOCIAL CENTRE A/c

**FOR BOOKING CONTACT NO. 8547740921**

# പാരീഷ് ബുള്ളറ്റിൻ
# ഇടയൻ

താളുകൾ മറിക്കുമ്പോൾ


ഒക്ടോബർ 2024
ലക്കം 4
വാല്യം 9



*മാനേജിംഗ് എഡിറ്റർ:*
**വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. മാത്യു (ജെറിൻ) കാവനാട്ട്**
9446587532

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. ആന്റണി (ലിപിൻ) തുണ്ടുകളം**
9645607825
**റവ. ഫാ. ആന്റണി (നിഖിൽ) അറയ്ക്കത്തറ**
9946112201

*കൈക്കാരന്മാർ:*
**ജോമി കാവാലംപുതുപ്പറമ്പ്**
**ലാലിച്ചൻ മുക്കാടൻ**
**ബിനോ പാറക്കടവിൽ**

*കമ്മറ്റിയംഗങ്ങൾ:*
**വിന്നി ജോർജ്ജ് കല്ലൂക്കളം** (കൺവീനർ)
**സൈബി അക്കര**
**സി. മരിയ** SABS
**ജോമി കാവാലംപുതുപ്പറമ്പിൽ**
**ജിജി മുളയ്ക്കൽ**
**നവീൻ വെട്ടുവഴി**
**എബിൻ ആറുപറയിൽ**
**മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ**
**സജി ഇളംകുളം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**സോണി കരിമറ്റം**



Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com



മുഖമൊഴി 05



06 വികാരിയച്ചന്റെ സന്ദേശം






കാവുകാട്ടുപിതാവ്: മനുഷ്യസാഹോദര്യത്തിന്റെ മാടപ്രാവ് 09

14 സി. മറിയാമ്മ തലമുറയ്ക്ക് ദിശാബോധം നൽകിയ വ്യക്തിത്വം

ഇടവക വാർത്തകൾ 34





കത്തീഡ്രൽ ഇടവകയുടെ
പ്രാർത്ഥനാനിർഭരമായ
ആശംസകൾ

# മുഖമൊഴി



ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

തന്റെ ജീവിതം മുഴുവൻ കർത്താവിനായി സമർപ്പിച്ച് വെല്ലുവിളികൾ നിറഞ്ഞകാലത്ത് ദൈവജനത്തെ നയിച്ച കാരുണ്യത്തിന്റെ ആൾരൂപവും, കേരളസഭയുടെ അഭിമാനവുമായ ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവിന്റെ 55-ാം ശ്രാദ്ധപ്പെരുനാൾ നാം ആചരിക്കുകയാണ്. 'സ്നേഹ ചൈതന്യത്തിന്റെ സേവനം' എന്ന ആപ്തവാക്യം ജീവിതവ്രതമായി സ്വീകരിച്ചുകൊണ്ട് നീണ്ട 19 വർഷക്കാലം ചങ്ങനാശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ പിതാവിനെ അനുകരിച്ച് പിതാവിൽ നിറഞ്ഞുനിന്നി രുന്ന കാരുണ്യത്തിന്റെ മനോഭാവം നമുക്കും സ്വന്തമാക്കാൻ ശ്രമിക്കാം. നമ്മുടെ ഇടവകയുടെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'ഇടയൻ' ഒരു ലക്കം കൂടി പുറത്തിറങ്ങുകയാണ്. ഇടവകയേയും ഇടവകയുടെ പ്രവർത്തനങ്ങളെയും കുറേക്കൂടി അടുത്തറിയാൻ ഇത് നമ്മെ സഹാ യിക്കട്ടെ.

നിങ്ങളുടെ സ്വന്തം,

**ജെറിനച്ചൻ,** ചീഫ് എഡിറ്റർ





# വികാരിയച്ചന്റെ സന്ദേശം

ഈശോയിൽ ഏറ്റവും പ്രിയമുള്ളവരേ,

നമ്മുടെ അതിരൂപതയ്ക്ക്; വിശിഷ്യ, നമ്മുടെ കത്തീഡ്രൽ ഇടവകയ്ക്ക് അഭിമാനകരമായ ആചരണങ്ങളും ആഘോഷങ്ങളുമാണല്ലോ ഈ ഒക്ടോബർമാസം നടക്കുന്നത്. ഒന്നാമതായി പുണ്യശ്ലോകൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ 55-ാം ചരമവാർഷികമാണ്. ദൈവകരുണയുടെ കരസ്പർശം പകർന്നുനൽകിയ പുണ്യപിതാവിന്റെ കബറിടം ഒട്ടേറെ വിശ്വാസികൾക്ക് അഭയസങ്കേതമാണ്. പിതാവിനോട് പ്രാർത്ഥിച്ച് മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് ദൈവാനുഗ്രഹം പ്രാപിക്കാനുള്ള അവസരമാണല്ലോ ഒക്ടോബർ 1 മുതൽ 9 വരെയുള്ള ശ്രാദ്ധാചരണദിനങ്ങൾ. ശ്രാദ്ധാചരണത്തോടനുബന്ധിച്ച് കഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്നുവരുന്ന കാവുകാട്ട് കൺവെൻഷൻ അഭി. പിതാവിന്റെ വീരോചിതമായ സുകൃതജീവിതത്തെക്കുറിച്ച് ധ്യാനിക്കാനും അതിൽനിന്നും പ്രചോദനമുൾക്കൊള്ളാനുമുള്ള അവസരമാണ്. ശ്രാദ്ധദിനം നടക്കുന്ന പൊതിച്ചോർവിതരണം ഇന്ന് പതിനായിരങ്ങൾ പങ്കെടുക്കുന്ന ഒരു സ്നേഹവിരുന്നായി വളർന്നിരിക്കുന്നു. കാവുകാട്ടുപിതാവിനോടുള്ള ജനകീയഭക്തിയുടെ ഏറ്റവും ശക്തമായ അടയാളമാണിത്. വന്ദ്യപിതാവ് എത്രയുംവേഗം നാമക

രണനടപടികളുടെ അടുത്ത ഘട്ടങ്ങളിലേക്കു പ്രവേശിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

രണ്ടാമതായി അഭി. ജയിംസ് കാളാശ്ശേരി പിതാവിന്റെ 75-ാം ചരമവാർഷികം ഒക്ടോബർ 27-ാം തീയതി നാം ആചരിക്കുകയാണ്. കേരളസഭയുടെ സിംഹഗർജ്ജനമായ അഭിവന്ദ്യ പിതാവ് സഭയുടെ വിദ്യാഭ്യാസാവകാശങ്ങൾക്കുവേണ്ടി സുധീരം നിലകൊണ്ടത് സഭാമക്കളെ കോൾമയിർകൊള്ളിക്കുന്ന ഓർമ്മകളാണ്. സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ, മലബാർ കുടിയേറ്റം, സഭൈക്യം എന്നീ മേഖലകളിലെല്ലാം വ്യക്തിമുദ്രപതിപ്പിച്ച പിതാവ് കേരളസഭയുടെ അഭിമാനമാണ്. രാജാധികാരങ്ങളെപ്പോലും വിറകൊള്ളിച്ച അഭിവന്ദ്യ പിതാവിന്റെ നിലപാടുകളോട് ചേർന്നുനിന്ന് പിതാവിനു സംരക്ഷണ വലയമൊരുക്കിയ പാരമ്പര്യവും ചങ്ങനാശേരി ഇടവകക്കാർക്കുണ്ടെന്നത് നമുക്ക് അഭിമാനിക്കാം.

കഴിഞ്ഞ 17 വർഷങ്ങളായി നമ്മുടെ അതിരൂപതയെ 'അരൂപിയിലും സത്യത്തിലും' എന്ന ആപ്തവാക്യം വ്യക്തമാകുന്നതുപോലെ നയിച്ച അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിനെ നമുക്ക് നന്ദിയോടെ അനുസ്മരിക്കാം. സന്മാതൃകയും സദുപദേശങ്ങളും നൽകി ശാന്തവും ധീരവുമായി നമ്മെ നയിച്ച പിതാവിനെ കത്തീഡ്രൽ ഇടവകക്കാർ പ്രത്യേകം സ്നേഹിച്ചിരുന്നു. വന്ദ്യപിതാവിന്റെ ഇടവകയെന്ന നിലയിൽ അഭിവന്ദ്യപിതാവ് നമ്മുടെ ഭവനങ്ങളിലും കൂട്ടായ്മകളിലും പലതവണ സന്ദർശിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം



> ഒരു വീണയിൽ
> കമ്പികളുടെ ലയംപോലെയാണ്
> മെത്രാനും വൈദികരും
> ജനങ്ങളും തമ്മിലുള്ള
> ഐക്യം. മെത്രാനെ കൂടാതെ
> വിശ്വാസികൾ യാതൊന്നും
> ചെയ്യരുത്.
> – അന്ത്യോഖ്യായിലെ വി. ഇഗ്നേഷ്യസ്



തിരുനാൾ പ്രദക്ഷിണത്തിൽ സംബന്ധിച്ചതും ഒരു ചരിത്രമുഹൂർത്ത മായിരുന്നല്ലോ. പിതാവിന്റെ ധന്യമായ മേല്പ്പട്ടശുശ്രൂഷയ്ക്ക് നമുക്ക് ദൈവത്തിനു നന്ദിപറയാം.

നമ്മുടെ സന്തോഷം ശതഗുണീഭവിക്കുന്ന ഒന്നാണല്ലോ കത്തീ ഡ്രൽ ഇടവകാംഗംകൂടിയായ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ചങ്ങനാശേരി അതിരൂപതയുടെ മേലദ്ധ്യക്ഷസ്ഥാനത്തേക്ക് തിര ഞ്ഞെടുക്കപ്പെട്ടത്. ഒക്ടോബർ 31 ന് നടക്കുന്ന അഭിവന്ദ്യ പിതാവി ന്റെ സ്ഥാനാരോഹരണ ശുശ്രൂഷക്കായി നാം പ്രാർത്ഥിച്ചൊരുങ്ങുന്ന ദിനങ്ങളാണല്ലോ ഇനിയുള്ളത്. അഭിവന്ദ്യപിതാവിന്റെ സാമൂഹിക ഇടപെടലുകളും നേതൃത്വവും കേരളക്കര മുഴുവൻ ശ്രദ്ധിച്ച ഒന്നാണ ല്ലോ. സീറോമലബാർസഭയുടെ ഒരു മുഖ്യപ്രൊവിൻസിന്റെ തലവൻ, കേരളത്തിലെ അഞ്ചു ജില്ലകൾ വ്യാപിച്ചുകിടക്കുന്ന വലിയ അതിരൂ പതയുടെ അമരക്കാരൻ എന്നീ നിലകളിലെല്ലാം വന്ദ്യപിതാവിന്റെ ശുശ്രൂഷ കൃപാസമൃദ്ധമാകാൻ നമുക്ക് പ്രാർത്ഥിക്കാം. സഭാപിതാ വായ അന്ത്യോഖ്യായിലെ വി. ഇഗ്നേഷ്യസിന്റെ വാക്കുകൾ നമുക്ക് അനുസ്മരിക്കാം: ‘‘ഒരു വീണയിൽ കമ്പികളുടെ ലയംപോലെയാണ് മെത്രാനും വൈദികരും ജനങ്ങളും തമ്മിലുള്ള ഐക്യം- മെത്രാനെ കൂടാതെ വിശ്വാസികൾ യാതൊന്നും ചെയ്യരുത്.’’ സഭയുടെ വിശ്വാസ പ്രബോധനങ്ങൾ ആധികാരികമായി പഠിപ്പിക്കാനും. സഭയെ നന്മയി ലും സേവനപ്രവർത്തനങ്ങളിലും നയിക്കാനും ആരാധനകർമ്മത്തി ലൂടെ വിശുദ്ധീകരിക്കാനുള്ള ഈ ശ്ലൈഹികദൗത്യം ഫലപ്രദമായി നിറവേറ്റാൻ നമുക്ക് പ്രാർത്ഥിക്കാം. അഭിവന്ദ്യ തറയിൽ പിതാവിന് മാതൃഇടവകയുടെ പ്രാർത്ഥനാശംസകൾ! അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിന് കൃതജ്ഞതാശംസകൾ!!

**ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ**

# കാവുകാട്ടുപിതാവ്: മനുഷ്യസാഹോദര്യത്തിന്റെ മാടപ്രാവ്



**ഫാ. ജോസഫ് ആലഞ്ചേരി**
കാവുകാട്ടുപിതാവിന്റെ നാമകരണ നടപടിയുടെ പോസ്റ്റുലേറ്റർ

ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ മാത്യു കാവുകാട്ട് പിതാവ് നിത്യതയിൽ പ്രവേശിച്ചിട്ട് ഈ ഒക്ടോബർ 9-ാം തീയതി 55 സംവത്സരങ്ങൾ പൂർത്തിയാവുകയാണ്. പുണ്യശ്ലോകനായ ആ സമുദായാചാര്യനു മുമ്പിൽ സ്മരണാഞ്ജലികൾ സമർപ്പിക്കുന്ന ഈ സന്ദർഭത്തിൽ അദ്ദേഹം ഈ ദേശവാസികൾക്കു കൈമാറി നൽകിയ സഭൈക്യമാതൃകയും മതേതരബോധ്യങ്ങളും അയവിറക്കുന്നത് ഇന്നേറെ കാലികപ്രസക്തമാണ്.

1951-60 കാലഘട്ടത്തിൽ സീറോ മലബാർ സഭയെ ദേശീയ സംസ്ഥാനതലങ്ങളിൽ പ്രതിനിധീകരിച്ചിരുന്നത് കാവുകാട്ടുപിതാവായിരുന്നു. തോമാശ്ലീഹായുടെ ഭാരത പ്രവേ



ശനത്തിന്റെയും വി. ഫ്രാൻസിസ് സേവ്യറിന്റെ ജീവത്യാഗത്തിന്റെയും മഹാജൂബിലി 1952ൽ ആഘോഷിച്ചപ്പോൾ അതിന്റെ മുഖ്യസംഘാടകനായി ഭാരത കത്തോലിക്കാ മെത്രാൻ സമിതി തിരഞ്ഞെടുത്തത് കാവുകാട്ടുപിതാവിനെയാണ്. മലബാറിലെ കത്തോലിക്കാ മെത്രാൻ സമിതി, 1956ൽ കേരള സംസ്ഥാന രൂപീകരണത്തോടെ കെ.സി.ബി.സി. എന്ന പേരു സ്വീകരിച്ചവേളയിൽ, അതിന്റെ പ്രഥമ സെക്രട്ടറിയായി ചുമതല നിർവ്വഹിച്ചതും നമ്മുടെ പുണ്യപുരുഷനാണ്. സുറിയാനി കത്തോലിക്കർ ഒന്നിച്ചു നിൽക്കണം എന്നുള്ള അടിസ്ഥാനചിന്തയിൽ സീറോ മലബാർ മലങ്കര സഭകളിലെ മെത്രാന്മാരുടെ ഒരു സംയുക്ത സമിതി 1959 മുതൽ കുറച്ചു വർഷത്തേയ്ക്ക് പ്രവർത്തിച്ചുവന്നിരുന്നു; ആ മെത്രാൻസമിതിയുടെ പ്രസിഡന്റാകാനും നിയുക്തനായത് പിതാവുതന്നെ. 1960-66 കാലഘട്ടത്തിൽ ഭാരതകത്തോലിക്കാ മെത്രാൻസമിതിയുടെ വിദ്യാഭ്യാസ കമ്മീഷന്റെ നേതൃത്വവും പിതാവിൽ നിക്ഷിപ്തമായിരുന്നു. സർവ്വരാലും സുസമ്മതനായി നേതൃനിരയിൽ പ്രശോഭിക്കാൻ ഭാഗ്യം ലഭിച്ച ഒരു ദൈവദാസനായിരുന്നു കാവുകാട്ടുപിതാവ്.

സാത്വികനും സംയമനനുമായിരുന്നു കാവുകാട്ടുപിതാവെങ്കിലും സഭയ്ക്കും സമൂഹത്തിനും ആപൽക്കരമായ സ്ഥിതിവിശേഷങ്ങൾ ഉരുത്തിരിഞ്ഞപ്പോഴൊക്കെ അതിനെതിരെ ധീരവും ഊർജ്ജസ്വലവുമായ നേതൃത്വം നൽകാൻ തിരുമേനി മുന്നോട്ടു വന്നിട്ടുണ്ട്. 1957ൽ തുടങ്ങി വച്ച വിദ്യാഭ്യാസപ്രക്ഷോഭവും തുടർന്നുണ്ടായ വിമോചന സമരവുമാണ് കേരള ചരിത്രത്തിൽ കാവുകാട്ടുപിതാവിനെ ചിരസ്മരണീയനാക്കിയത്. കൂനൻകുരിശുസത്യത്തിനുശേഷം മൂന്നു നൂറ്റാണ്ടോളം വിഘടിച്ചു നിന്നിരുന്ന കേരളത്തിലെ ക്രൈസ്തവ സഭകളെ ഒരു കുടക്കീഴിൽ അണിനിരത്താൻ സാധിച്ചതും 27 മേലധ്യക്ഷന്മാരുടെ ആ കൂട്ടായ്മയെ ഒരു എക്യുമെനിക്കൽ മുന്നേറ്റമായി വളർത്താനായതും കാവുകാട്ടുപിതാവിന്റെ നേതൃപാടവത്തിന്റെ മായാത്ത മുദ്രയാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ ക്രൈസ്തവരെ മാത്രമല്ല മറ്റു സമുദായ നേതാക്കളെയും, പൗരസമൂഹത്തിന്റെ



പൊതുനന്മ എന്ന ഒരേ ചരടിൽ, കോർത്തിണക്കാൻ കഴിഞ്ഞുവെന്നതിലാണ് പിതാവിന്റെ മതമൈത്രി വ്യക്തമാകുന്നത്. ചങ്ങനാശേരി മെത്രാസനമന്ദിരത്തിൽ ഒന്നിച്ചു കൂടിയ വിവിധ സമുദായപ്രമുഖരെ, ഭരണഘടന വിഭാവനം ചെയ്യുന്ന ന്യൂനപക്ഷാവകാശവും മതേതരത്വവും കവർന്നെടുക്കുന്നവരെ ചെറുക്കേണ്ടതിന്റെ ആവശ്യകത, പിതാവ് യുക്തിപൂർവ്വം ബോധ്യപ്പെടുത്തി. അങ്ങനെ, നായർ സമുദായത്തിന്റെ പരമോന്നത നേതാവായ മന്നത്ത് പത്മനാഭനും ഒടുവിൽ സമരമുഖത്തേയ്ക്ക് ഇറങ്ങിയതോടെ കമ്മ്യൂണിസ്റ്റു സർക്കാർ പ്രതിസന്ധിലായി. കേരളത്തിലെ വിവിധ മതസമുദായ നേതാക്കളെ ഈ പരീക്ഷണഘട്ടത്തിൽ ഒറ്റക്കെട്ടായി നിർത്താൻ കഴിഞ്ഞതിൽ കാവുകാട്ടുപിതാവിന്റെ സർവാദൃതമായ വ്യക്തിത്വത്തിനുണ്ടായിരുന്ന പങ്ക് നിർണ്ണായകമാണ്.

വിമോചനസമരാനന്തരം 'ഭാരത കേസരി' എന്ന പൗരബഹുമതി നേടിവന്ന മന്നത്ത് പത്മനാഭന് തലസ്ഥാനനഗരിയിൽ നൽകിയ അനുമോദനയോഗത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചത് കാവുകാട്ടു പിതാവാണ്. അത്തരുണത്തിൽ പത്മനാഭൻ പിള്ള സാറിനെ ''എന്റെ സുഹൃത്തും കാരണവരും'' എന്നാണ് പിതാവ് അഭിസംബോധന ചെയ്തത്. സമുദായ മൈത്രിയുടെ ശക്തിയെയും മന്നത്തിന്റെ ഊർജ്ജസ്വലതയെയും എടുത്തുകാട്ടിക്കൊണ്ടുള്ള ആ പ്രസംഗം പൊതുനന്മയ്ക്കുവേണ്ടി എല്ലാവരും ഒത്തൊരുമിച്ചു പരിശ്രമിക്കണമെന്ന

ആഹ്വാനവും ഉൾക്കൊള്ളുന്നതായിരുന്നു. 1962ൽ കൊട്ടിയൂർ കുടിയിറക്കു പ്രശ്നത്തിൽ വ്യത്യസ്ത ആശയധ്രുവങ്ങളിലായിരുന്നെങ്കിലും കാവുകാട്ടുതിരുമേനിയുമായുള്ള അനുരഞ്ജനയോഗത്തിനുശേഷം മന്നത്തിന്റെ പ്രതികരണം അസാധാരണമായിരുന്നു: ''ഒരു ശാന്തിദൂതനാണ് കാവുകാട്ടുമെത്രാപ്പോലിത്തായെന്ന കേൾവി തികച്ചും അർത്ഥവത്താണെന്ന് എനിക്കിപ്പോൾ ബോധ്യമായി.''

മദ്ധ്യതിരുവതാംകൂറിലെ മുസ്ലീം സമുദായനേതാക്കളുമായും ഏറ്റം ഉദാത്തമായ സൗഹൃദവും സഹകരണവുമാണ് വിശാലഹൃദയനായ കാവുകാട്ടുപിതാവ് പുലർത്തിയിരുന്നത്. കാവുകാട്ടുപിതാവിന്റെ ശിഷ്യനും ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിലിന്റെ സതീർത്ഥ്യനും കേരള ജമാഅത്ത് കോഓർഡിനേഷൻ കമ്മിറ്റിയുടെ സംസ്ഥാന പ്രസിഡന്റുമായിരുന്ന ഹാജി ഏലംകുളം എസ്. ഷംസുദ്ദീൻ അവറുകൾ തന്റെ ഗുരുവിനെക്കുറിച്ചെഴുതിയ ചില ഓർമ്മക്കുറിപ്പുകൾ ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കും: ചങ്ങനാശേരി എസ്.ബി. കോളജിൽ അഡ്മിഷന്റെ കാര്യത്തിൽ ജാതി മത വ്യത്യാസമെന്യേ പ്രവേശനം കൊടുക്കുന്നതിന് അദ്ദേഹം പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ടായിരുന്നു. ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയും കൊടുത്തിരുന്നു. അരമനയിൽ കിട്ടാറുള്ള ധാന്യവസ്തുക്കൾ സാധുക്കൾക്ക് വിതരണം ചെയ്യുന്നതിൽ ജാതി മത വ്യത്യാസം ഒരിക്കലും പരിഗണിച്ചിട്ടില്ല. സാമൂഹികസാംസ്കാരിക പുരോഗതിയിലൂടെയും ധാർമ്മികമൂല്യങ്ങളുടെ അടിത്തറയിലൂടെയും മാത്രമേ സാമുദായിക മൈത്രി യാഥാർത്ഥ്യമാകൂയെന്ന് കാവുകാട്ടുപിതാവിന് ഉത്തമബോധ്യമുണ്ടായിരുന്നു.

"

ഭാരതത്തിലെ മൂന്ന് കത്തോലിക്കാ റീത്തുകൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ രൂപപ്പെട്ട സന്ദർഭങ്ങളിലും സമാധാനദൂതനായി പറന്നെത്തിയിരുന്നത് കാവുകാട്ടുപിതാവായിരുന്നു.

ഭാരതത്തിലെ മൂന്ന് കത്തോലിക്കാ റീത്തുകൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ രൂപപ്പെട്ട സന്ദർഭങ്ങളിലും സമാധാനദൂതനായി പറന്നെത്തിയിരുന്നത് കാവുകാട്ടുപിതാവായിരുന്നു. ഭാരത മെത്രാൻ സമിതിയുടെ തലവനായിരുന്ന കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് ഇന്ത്യയിലെ

വത്തിക്കാൻ സ്ഥാനപതിക്കയച്ച ഒരു കത്തിൽ കാവുകാട്ടുപിതാവിനെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് ഇങ്ങനെയാണ്: ''ആരോഗ്യം അനുവദിച്ചിരുന്നെങ്കിൽ ലത്തീൻസുറിയാനി സഭാബന്ധങ്ങളെ ഊട്ടി ഉറപ്പിക്കുന്നതിൽ വലിയ പങ്കുവഹിക്കുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. ഈ രണ്ടു റീത്തുകളെ കൂടുതൽ അടുപ്പിക്കുവാൻ ഏറ്റം ഉചിതനായ വ്യക്തി ഇദ്ദേഹമാണ് എന്നത് തെക്കേ ഇന്ത്യയിൽ പലരും സമ്മതിച്ചിട്ടുള്ള വസ്തുതയാണ്.''

സീറോ മലബാർ സഭയിലെ ചില കീറാമുട്ടിയായ ചർച്ചകൾക്കും മദ്ധ്യസ്ഥത വഹിക്കാൻ മാർപാപ്പ നിയോഗിച്ചത് പിതാവിനെത്തന്നെയായിരുന്നു. എറണാകുളം, കോതമംഗലം രൂപതകൾ തമ്മിലുള്ള സ്വത്തു വിഭജന ചർച്ചയിൽ കാവുകാട്ടുപിതാവിന്റെ പരിപക്വമായ സമീപനത്തെക്കുറിച്ച് കർദ്ദിനാൾ പാറേക്കാട്ടിൽ തന്റെ ആത്മകഥയിൽ കുറിച്ചിരിക്കുന്നത് സ്മരണീയമാണ്: 'നയചതുരനായിരുന്ന കാവുകാട്ടുതിരുമേനിയുടെ നിഷ്പക്ഷവും കാര്യക്ഷമവുമായ മദ്ധ്യസ്ഥത സന്ധിസംഭാക്ഷണങ്ങളെ വിജയശ്രീലാളിതമാക്കി.' പാറേക്കാട്ടിൽ പിതാവ് കാവുകാട്ടുതിരുമേനിക്കു നൽകിയ മറ്റൊരു അപദാനമാണ് 'അജാതശത്രു' എന്നത്; ഇനിയും ശത്രു ജനിക്കാത്തവൻ!

കാവുകാട്ടുപിതാവ് സ്വജീവിതത്തിലൂടെ വരച്ചുകാട്ടിയ ആ മനുഷ്യസാഹോദര്യത്തിന്റ പ്രസക്തി ഇന്ന് പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നു. സഭയ്ക്കുള്ളിലും സമുദായങ്ങൾ തമ്മിലും ഭിന്നത ജനിപ്പിക്കുവാൻ ശ്രമിക്കുന്ന പ്രതിലോമശക്തികളെ ചെറുത്തുനിൽക്കുവാൻ ശാന്തിദൂതനായ കാവുകാട്ടുതിരുമേനിയുടെ മാതൃകയും മാദ്ധ്യസ്ഥ്യവും നമുക്കു തുണയായിത്തീരട്ടെ.





ശാലോം ഫെസ്റ്റിൽ നാടകമത്സരത്തിലും മാർഗംകളിയിലും
1st A Grade നേടിയ കത്തീഡ്രൽ ചുണക്കുട്ടികൾക്ക് അഭിനന്ദനങ്ങൾ...

കൃതജ്ഞത

# സി. മറിയാമ്മ

## തലമുറയ്ക്ക് ദിശാബോധം നൽകിയ വ്യക്തിത്വം

**കെ.എസ്. ആന്റണി കരിമറ്റം & തോമസുകുട്ടി പി.കെ. പുത്തൻപുരയിൽ**

1974–1977 വരെ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ അസിസ്റ്റന്റ് വികാരിയയായി ചുമതലയേറ്റ ഫാ. ജോർജ് ആലഞ്ചേരി വെട്ടിത്തുരുത്ത് കുരിശുപള്ളിയുടെ വികാരി ആയിരുന്നു. അച്ചൻ വികാരിയായി ചുമതലയേറ്റശേഷം തൊഴിൽരഹിതരായ വെട്ടിത്തുരുത്തിൽ അമ്മമാരെയും യുവതികളെയും കണ്ടുകൊണ്ട് ഒരു തയ്യൽ സെന്റർ ആരംഭിച്ചു അതിന്റെ ചുമതലക്കരിയായി മറിയാമ്മ മാത്യു OMMI-യെ നിയമിച്ചു. അന്നുമുതൽ വെട്ടിത്തുരുത്ത് ഇടവകയോട് ഇഴുകിച്ചേർന്ന വ്യക്തിത്വമായിരുന്നു മറിയാമ്മ ടീച്ചറുടേത്. പിന്നീടുള്ള വർഷങ്ങളിൽ വെട്ടിത്തുരുത്ത് പ്രദേശത്തെ യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിൽ പ്രധാന പങ്കുവഹിച്ചിരുന്ന ആളായിരുന്നു ടീച്ചർ.

വിദ്യാഭ്യാസപരമായും, സാമൂഹ്യപരമായും, സാമ്പത്തികപരമായും തീരെ പിന്നോക്കം നിന്ന ഒരു ഗ്രാമത്തിലെ ചെറുപ്പക്കാർക്കും, മുതിർന്നവർക്കും ആധ്യാത്മിക നേതൃത്വം നൽകിയ തേജസ്സുള്ള വ്യക്തിത്വമായിരുന്നു മറിയാമ്മ ടീച്ചർ. കുടുംബങ്ങളിൽ ടീച്ചറിന്റെ അഭിപ്രായത്തിന് വലിയ മാന്യത കല്പിച്ചിരുന്നു. സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുകയും അത് പരിഹരിക്കുന്നതിനുള്ള മാർഗനിർദേശം നൽകുന്നതും പതിവായിരുന്നു, അക്കാലത്ത് യുവജനങ്ങൾ മറിയാമ്മ ടീച്ചറിനെ തങ്ങളുടെ അമ്മയുടെ സ്ഥാനത്തോളം ആദരിച്ചിരുന്നു. പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ സഹായിച്ചിരുന്ന സിസ്റ്റർ ഒത്തിരി കുടുംബപ്രശ്നങ്ങളിൽ ഇടപെടുകയും അതുവഴി അനേകം കുടുംബങ്ങൾ രക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്.




“ അഗതികളോടും, രോഗികളോടും സിസ്റ്റർ ഒരു പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. ഇപ്പോഴും ടീച്ചറോട് അഗാധമായ ബന്ധം പുലർത്തുന്ന ഒരു പഴയ തലമുറ വെട്ടിത്തുരുത്തിലുണ്ട് എന്നത് തന്നെ അവരുടെ ഹൃദയത്തിൽ ആഴമായ സ്വാധീനം ചെലുത്തുവാൻ ടീച്ചർക്ക് സാധിച്ചിട്ടുണ്ട് എന്നതിന് തെളിവാണ്.

വെട്ടിത്തുരുത്തിൽ ഒരു ദൈവാലയം സേവനം ഉയർന്നുവരുന്നതിന് മറിയാമ്മ ടീച്ചറിന്റെ നിസ്വാർത്ഥമായ സേവനം ലഭ്യമായിരുന്നു. അക്കാലത്ത് കാവാലിക്കര പള്ളി ജീർണ്ണതയിൽ നിൽക്കുന്ന സമയം പള്ളി പൊളിക്കുന്നതിന് മെത്രാപ്പോലീത്തൻ പള്ളി പാരിഷ് കൗൺസിൽ തീരുമാനിക്കുകയും വെട്ടിത്തുരുത്ത് ഇടവക്കാർക്ക് പള്ളി പൊളിച്ചടുക്കാൻ അനുവാദം നൽകുകയും ചെയ്തു അതിനു നേതൃത്വം കൊടുത്തത് കാർഡിനൽ മാർ ജോർജ് ആലഞ്ചേരി (മേജർ ആർച്ചുബിഷപ് എമിരത്തുസ്) പിതാവായിരുന്നു. പൊളിച്ചടുത്ത സാധനങ്ങൾ കൊണ്ട് ടീച്ചറിന്റെ ശ്രമഫലമായി ഒരു കെട്ടിടം നിർമ്മിക്കുകയുണ്ടായി. ആ കെട്ടിടത്തിലാണ് ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മറിയാമ്മ ടീച്ചർ രക്ഷാധികാരിയായി ഒരു ഫൈബർ സെന്റർ (നെയ്ത്ത് ശാല) ആരംഭിക്കുകയും ഇത് നിരവധി യുവതികൾക്കും, പ്രായമായ സ്ത്രീകൾക്കും ഒരു തൊഴിലും വരുമാനമാർഗ്ഗവുമായിരുന്നു. വെട്ടിത്തുരുത്തിലെ എല്ലാ കുടുംബങ്ങൾക്കും സിസ്റ്റർ സ്വീകാര്യയായിരുന്നു. നാനാ ജാതിയിലുള്ള ആളുകൾ സിസ്റ്ററിനെ ആദരവോടെ കണ്ടിരുന്നു.

കാലാകാലങ്ങളിൽ മാറിവന്ന വികാരി അച്ചന്മാർക്ക് ഊറ്റമായ പിന്തുണ നൽകിയതും, വെട്ടിത്തുരുത്ത് എന്ന കൊച്ച് ഇടവകയുടെയും, സൺഡേസ്കൂളിന്റെയും, സംഘടനകളുടെയും വളർച്ചയ്ക്ക് വലിയ നേതൃത്വം നൽകുവാൻ മറിയാമ്മ ടീച്ചറിനു സാധിച്ചിരുന്നു. അഗതികളോടും, രോഗികളോടും സിസ്റ്റർ ഒരു പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. ഇപ്പോഴും ടീച്ചറോട് അഗാധമായ ബന്ധം പുലർത്തുന്ന ഒരു പഴയ തലമുറ വെട്ടിത്തുരുത്തിലുണ്ട് എന്നത് തന്നെ അവരുടെ ഹൃദയത്തിൽ ആഴമായ സ്വാധീനം ചെലുത്തുവാൻ ടീച്ചർക്ക് സാധിച്ചിട്ടുണ്ട് എന്നതിന് തെളിവാണ്. സിസ്റ്ററിന്റെ പ്രവർത്തനം വിസ്മരിച്ചുകൊണ്ടുള്ള ഒരു ചരിത്രവും വെട്ടിത്തുരുത്തിൽ ഒരിക്കലും പൂർത്തിയാകില്ല. പ്രായാധിക്യം മൂലമുണ്ടാകുന്ന ശാരീരിക അസ്വസ്ഥതകളെ നേരിടാൻ മറിയാമ്മ ടീച്ചറിന് ദൈവാനുഗ്രഹത്താൽ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ സ്നേഹനിധിയായ അമ്മയെ നന്ദിയോടെ സ്മരിക്കുന്നു.

# പ്രാർത്ഥനാശംസകൾ...

കഴിഞ്ഞ ആറുമാസക്കാലമായി
കുട്ടികളുടെ മതബോധനത്തിന് സഹായിച്ച
**ഡീ. ഐബിൻ പെരുമ്പള്ളിയിൽ** (കത്തീഡ്രൽ സൺഡേസ്കൂൾ),
**ഡീ. റ്റിനോ ചാമക്കാല** (വാഴപ്പള്ളി സൺഡേസ്കൂൾ) എന്നിവർ
പൗരോഹിത്യസ്വീകരണിനുള്ള ഒരുക്കത്തിലേയ്ക്ക് പ്രവേശിക്കുകയാണ്.
ഇരുവർക്കും കത്തീഡ്രൽ ഇടവകയുടെ പ്രാർഥനാശംസകൾ...

# ഇടവകയിലേക്ക് സ്വാഗതം...

ശുശ്രൂഷയ്ക്കായി നമ്മുടെ ഇടവകയിലേക്ക് കടന്നുവന്നിരിക്കുന്ന
ദിവ്യകാരുണ്യമിഷനറി സഭാംഗങ്ങളായ **ബഹു. ഡീക്കൻ കടന്തോട് റിൻസിനും**
**ഡീക്കൻ വാഴപ്പനാടി ജിനോയ്ക്കും**
കത്തീഡ്രൽ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം...

## 75-ാം ചരമവാർഷികം



**മാർ ജെയിംസ് കാളാശ്ശേരി**

20.04.1892 - 27.10.1949

## 125-ാം ജന്മദിനം



**ഫാ. പ്ലാസിഡ് ജെ. പൊടിപ്പാറ**

03.10.1899 - 27.04.1985

ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ശ്രാദ്ധത്തിരുനാൾ - 2024 ജൂൺ 2













തോമസ് മൂർ ദിനം - 2024 ജൂൺ 19



കത്തീഡ്രൽ ഇടവകയുടെ
അഭിനന്ദനങ്ങൾ

ശാലോം ഫെസ്റ്റ് രണ്ടാം സ്ഥാനം

## ദുക്റാന തിരുനാൾ - 2024 ജൂലൈ 3








## നിരണം തീർഥാടനം - 2024 ജൂലൈ 7









## മറ്റം കൺവൻഷൻ - 2024 ജൂലൈ 16






**പണ്ടകശാലക്കടവ് കുരിശടിയിൽ വിശുദ്ധ യാക്കോബ് ശ്ലീഹായുടെ തിരുനാൾ**
**2024 ജൂലൈ 23, 24, 25**







**വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ**
**2024 ജൂലൈ 26, 27**







## അൽഫോൻസാ തീർത്ഥാടനം - 2024 ആഗസ്റ്റ് 3








## സ്വർഗാരോപണത്തിരുനാൾ - 2024 ആഗസ്റ്റ് 11 മുതൽ 15 വരെ







## സ്വാതന്ത്ര്യദിനാഘോഷം







## നിയുക്ത മെത്രാപ്പോലീത്തായ്ക്ക് കത്തീഡ്രൽ ഇടവകയുടെ സ്വാഗതം - ആഗസ്റ്റ് 31



# *In Loving Memory of*

*8th Death Anniversary*



**JOSEPH THOMAS**
(THOMACHAN)
**Died: 29.05.2016**

*3rd Death Anniversary*



**ANNAMMA THOMAS**
(BABY)
**Died: 13.10.2021**

*3rd Death Anniversary*



**JAMES THOMAS**
(JAMESKUTTY)
**Died: 11.08.2021**

*9th Death Anniversary*



**JOHNSON JACOB**
**Died: 19.06.2015**

**PARAKADAVIL**
**VAZHAPPALLY, CHANGANACHERRY**

പ്രിയപ്പെട്ട
ഗ്രിഗറി ഓണംകുളം
അച്ചന്
കത്തീഡ്രൽ
ഇടവകയുടെ

ആദരാഞ്ജലികൾ

അസി. വികാർ (1987-1990)

# സ്നേഹസ്മരണയ്ക്ക്



എം. വി. കുര്യാക്കോസ്
മരണം: 25.05.2018



മേരിക്കുട്ടി കുര്യാക്കോസ്
മരണം: 19.06.2023

മാളിയേക്കൽ (കാഞ്ഞിക്കൽ), വട്ടപ്പള്ളി, ചങ്ങനാശേരി

**JOSE ELECTRICALS & SANITARY**
Near Telephone Exchange
Changanacherry

## കത്തീഡ്രൽ ഇടവകയുടെ

# അഭിനന്ദനങ്ങൾ



**അഖിൽ**
യുവദീപ്തി-എസ്എംവൈഎം
അതിരൂപതാ കലോത്സവത്തിൽ
മിമിക്രിയിൽ 1st A Grade



**അമൽ സോണി**
യുവദീപ്തി-എസ്എംവൈഎം
അതിരൂപതാ കലോത്സവത്തിൽ
ലളിതഗാനം 1st A Grade



**കാർമൽ ജോബി**
യുവദീപ്തി-എസ്എംവൈഎം
അതിരൂപതാ കലോത്സവത്തിൽ
നോട്ടീസ് രചനയിൽ 3rd A Grade




**പൗളിൻ ജോബി**
യുവദീപ്തി-എസ്എംവൈഎം
അതിരൂപതാ കലോത്സവത്തിൽ
ഉപന്യാസ രചനയിൽ 2nd A Grade



യുവദീപ്തി-എസ്എംവൈഎം അതിരൂപതാ കലോത്സവത്തിൽ മൂന്നാം തവണയും
ഓവറോൾ ചാമ്പ്യന്മാരായ ചങ്ങനാശേരി ഫൊറോനാ ടീം





# ഇടവക വാർത്തകൾ

## കത്തീഡ്രൽ മാതൃപിതൃവേദി

ക്രൈസ്തവവിശ്വാസജീവിത്തിന് വെല്ലുവിളികളും പീഡനങ്ങളും പെരുകുന്ന ഈ കാലഘട്ടത്തിൽ ക്രിസ്തീയ ചൈതന്യത്തെയും സഭാത്മകതയെയും ഉയർത്തിപ്പിടിക്കാൻ സർവ്വാത്മനാൽ ഏറ്റം ശക്തമായ രീതിയിൽ ഇടവകയോട് ചേർന്ന് പ്രവർത്തിക്കുന്ന സംഘടനയാണ് "കത്തീഡ്രൽ മാതൃപിതൃവേദി." ഈ സംഘടനയുടെ നേതൃത്വത്തിൽ ഇടവകയിലെ ഏറ്റം നിർദ്ധനരായവരെ കണ്ടെത്തി അവർക്ക് ആവശ്യകമായ സഹായങ്ങൾ പ്രത്യേകിച്ച് (വൈദ്യസഹായം, വിദ്യാഭ്യാസ സഹായം, ഭവനങ്ങളുടെ അറ്റകുറ്റപണികൾ) മുതലായ കാര്യങ്ങൾക്കു വേണ്ടി സംഘടനാംഗങ്ങൾ മൃസസംസ്കാരചടങ്ങുകളിൽ കാപ്പിവെച്ചു നല്കിയും ആവശ്യാനുസരണം ഭക്ഷണങ്ങൾ തയ്യാറാക്കി നല്കിയും ഇതിനായുള്ള ഫണ്ട് കണ്ടെത്തുകയും കൃത്യസമയത്ത് എത്തിച്ചുനല്കുകയും ചെയ്തുവരുന്നു, അതിരൂപതയുടെയും ഫൊറോനയുടെയും നിർദ്ദേശാനുസരണം ഓരോ മാസവും ചെയ്യേണ്ട പ്രവർത്തനങ്ങൾ യൂണിറ്റിൽ ഏറ്റം ചിട്ടയായും ഭംഗിയായും നടത്തുന്നു. മേയ് 22ന് മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ വിശുദ്ധ റീത്താപുണ്യവതിയുടെ തിരുനാൾ ദിനത്തിൽ ഡയറക്ടർ അച്ചന്റെ സാന്നിധ്യത്തിൽ പതാക ഉയർത്തുകയും പുണ്യവതിയുടെ സുകൃതങ്ങളെക്കുറിച്ച് വിചിന്തനം നടത്തുകയും ചെയ്തു. ലോകപരിസ്ഥിതിദിനമായ ജൂൺ 5-ന് ബഹുമാനപ്പെട്ട ഡയറക്ടർ റ്റോജോ പുളിക്കപ്പടവിൽ അച്ചന്റെയും സഹവൈദികനായ ജെറിൻ കാവനാട്ടിന്റെയും നേതൃത്വത്തിൽ യൂണിറ്റ് അംഗങ്ങൾ പള്ളി പരിസരത്ത്

വൃക്ഷത്തെ നട്ടു. ജൂൺ 16-ാം തീയതി സൺഡേസ്കൂൾ പ്രവേശനോത്സവത്തിന്റെ ഭാഗമായി ‘തിരുബാലസഖ്യം’ കുട്ടികളുടെ പ്രവേശനോത്സവം ഭംഗിയായി നടത്താൻ മാതൃപിതൃവേദി അംഗങ്ങൾ മുൻകൈയെടുത്തു. അതിരൂപതയോടുചേർന്ന് കേരളമാർച്ച് ‘ഫോർലൈഫ്’ റാലിക്ക് കത്തീഡ്രൽ പള്ളിയിൽ സ്വീകരണം നൽകുന്നതിനും പെരുന്ന ബസ്സ്റ്റാന്റിലേക്കു നടത്തിയ റാലിയിലും സമ്മേളനത്തിലും മാതൃപിതൃവേദി അംഗങ്ങൾ നിറസാന്നിധ്യമായി ഇടവകയിലെ 60 വയസിനു മുകളിൽ പ്രായമായ വജോയജനങ്ങൾക്ക് പ്രത്യേക സംഗമം നടത്തുകയും ആരാധനയും ബ്രദർ റ്റിനൊ ചാമക്കാലയുടെ നേതൃത്വത്തിൽ പ്രത്യേകം ക്ലാസ് നടത്തുകയും ചെയ്തു. വിവാഹത്തിന്റെ 50 വർഷം പൂർത്തിയായവരെ ആദരിക്കുകയും ചെയ്തു. ഭക്തിഗാനരംഗത്ത് വർഷങ്ങൾ പിന്നിട്ട പള്ളിയിലെ ഗായകാംഗങ്ങളായ കുരിശുംമൂട്ടിൽ ജോസ്-നൈസമ്മ ദമ്പതികൾക്ക് പ്രത്യേക ആദരവു നല്കി. ഇരവുചിറ സ്നേഹാലയത്തിൽ മാസത്തിലൊരിക്കൽ ഭക്ഷണം പാകം ചെയ്ത് എത്തിച്ചുകൊടുക്കുന്നതിന് യൂണിറ്റംഗങ്ങൾ ശ്രദ്ധാലുക്കളാകുന്നു. നെടുംകുന്നത്തുള്ള സ്നേഹാലയം ട്രസ്റ്റ് സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികൾക്ക് ആവശ്യകമായ നിത്യോപയോഗ സാധനങ്ങൾ എത്തിച്ചുകൊടുക്കുകയും അവരോടൊപ്പം സമയം പങ്കിടുകയും ചെയ്തു.

അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്തയായി നിയമിതനായ മാർ തോമസ് തറയിൽ പിതാവിന് ഇടവക ദൈവാലയത്തിൽ നടത്തിയ സ്വീകരണചടങ്ങിൽ മാതൃപിതൃവേദിയംഗങ്ങൾ മുത്തുക്കുടകൾ പിടിച്ച് വരവേറ്റു. സംഘടനയുടെ പ്രവർത്തനങ്ങളെ വിജയത്തിൽ എത്തിക്കാൻ ഞങ്ങൾക്ക് പ്രചോദനമാകുന്ന ഇടവക വികാരിയച്ചനും യൂണിറ്റ് ഡയറക്ടറച്ചനും സർവ്വോപരി സർവ്വശക്തനായ ദൈവത്തിനും നന്ദിയർപ്പിക്കുന്നു.

പ്രസിഡന്റുമാർ സെക്രട്ടറിമാർ

## യാത്രയയപ്പ്

യൂണിറ്റിന്റെ മുൻഡയറക്ടർ അച്ചൻ സ്നേഹനിധിയായ ടോജോ പുളിക്കപ്പടവിൽ കോട്ടയം ലൂർദ് പള്ളിയിലേയ്ക്ക് കൊണ്ടുചെന്നാക്കാൻ സാധിച്ചു.

## സ്വാഗതം

പുതിയ ഡയറക്ടറായി നിയമിതനായ നിഖിൽ അറക്കത്തറയച്ചന് യൂണിറ്റിലേക്ക് സ്വാഗതം.

## യുവദീപ്തി - എസ്.എം.വൈ.എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

**ഏവർക്കും കത്തീഡ്രൽ യുവദീപ്തിയുടെ സ്നേഹാശംസകൾ !!**

സഭയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ശക്തി യുവാക്കളാണ്. നമ്മുടെ യുവാക്കൾ ആശയങ്ങൾ നിറഞ്ഞവരാണ്. അവരുടെ ആശയങ്ങൾ പ്രായോഗികമാക്കുവാൻ അനന്തമായ ഊർജ്ജസ്രോതസ്സ് അവർക്ക് ദൈവം പ്രദാനം ചെയ്തിട്ടുണ്ട്. വെല്ലുവിളികൾ നേരിടുവാനും ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ കഠിനമായി പരിശ്രമം നടത്തുവാനും അവർ തയ്യാറാണ്.

എന്നാൽ ദൗർഭാഗ്യവശാൽ നമ്മുടെ യുവജനങ്ങൾ തൊഴിലിനും ജീവിത സുരക്ഷയ്ക്കുംവേണ്ടി വിദേശത്തേക്ക് കുടിയേറുകയാണ്. അനിയന്ത്രിതമായ ഈ കുടിയേറ്റം കത്തോലിക്കാ സഭയിൽ പ്രത്യേകിച്ച് സീറോ മലബാർ സഭയ്ക്ക് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്. ആയതിനാൽ, നമ്മുടെ നാട്ടിൽ തുടരുന്ന യുവജനങ്ങളെ ചേർത്തുപിടിക്കുവാനും അവർക്കായി തൊഴിൽലവസരങ്ങൾ സൃഷ്ടിക്കുവാനും സഭ ഏറെ ഊന്നൽ കൊടുക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. യുവജനങ്ങൾ സഭയോടൊത്ത് ചിന്തിക്കുവാനും, വളരുവാനും ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുവാനും മുൻപോട്ടുവരണം. അങ്ങനെ സഭയോടൊപ്പം നിൽക്കുന്നവരായി നമുക്ക് മാറാം. ഒപ്പം യുവജനങ്ങളെ അംഗീകരിക്കുവാനും സഹകരിപ്പിക്കുവാനും സഭാ നേതൃത്വം തയ്യാറാകണം. കത്തീഡ്രൽ യുവദീപ്തി ഒറ്റക്കെട്ടായി പരിശ്രമിച്ച് ഈയടുത്ത നാളുകളിൽ നടന്ന ഫൊറോനാ കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഒത്തൊരുമയോടുകൂടി പ്രവർത്തിച്ച എല്ലാ യുവജനങ്ങളെയും



അഭിനന്ദിക്കുന്നു. ഒപ്പം ഈ ഒത്തൊരുമ തുടർന്നും കൊണ്ടുപോകുവാനും സ്വാർത്ഥത വെടിഞ്ഞ് യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുവാനും ഏവരെയും ആഹ്വാനം ചെയ്യുന്നു.

## ELORA 2024

യുവദീപ്തി SMYM ചങ്ങനാശേരി ഫൊറോനയുടെ 2024 പ്രവർത്തന വർഷത്തെ പ്രാർത്ഥന, പഠന പരിശീലനക്യാമ്പ് ELORA, ഏപ്രിൽ 26, 27, 28 തീയതികളിൽ കോട്ടയം, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക സെമിനാരിയിൽ വെച്ച് നടത്തപ്പെട്ടു. മാർ ജോർജ് ആലഞ്ചേരി മുഖ്യാതിഥി യായി പങ്കെടുത്ത ക്യാമ്പിൽ ഏറ്റവും കൂടുതൽ യുവജനങ്ങൾ (32 പേർ) പങ്കെടുത്തത് കത്തീഡ്രൽ യൂണിറ്റിൽ നിന്നാണ്. കത്തീഡ്രൽ യൂണി റ്റിലെ യുവജനങ്ങളുടെ മികവ് ഏറെ പ്രശംസിക്കപ്പെട്ടു. സജൻ ജോസഫ്, ഐറീന ജോമി എന്നിവരെ ബെസ്റ്റ് ക്യാമ്പർമാരായും, ആൽഫി മാർ ട്ടിൻ, മാർട്ടിൻ യോഹന്നാൻ എന്നിവരെ ബെസ്റ്റ് പെർഫോമെർമാരായും ചങ്ങനാശേരി ഫൊറോന തിരഞ്ഞെടുത്തു.

## FAITH CONFERENCE

സഭാത്മക ജീവിതബോധ്യമുള്ളവരാകുവാൻ, വിശ്വാസികളുടെ നെഞ്ചിലെ ക്രിസ്തീയ തീഷ്ണതയെ പരിപോഷിപ്പിച്ചുകൊണ്ട് പ്രേഷിതവേല ചെയ്യുന്നവരായി മാറുവാൻ യുവദീപ്തി എസ്.എം.വൈ.എം. ചങ്ങനാശ്ശേരി അതിരൂപത മെയ് 24, 25, 26 തീയതികളിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ അണിയിച്ചൊരുക്കിയ FAITH കോൺഫറൻസിൽ കത്തീഡ്രൽ യൂണിറ്റിൽ നിന്നും 5 പേർ പങ്കെടുത്തു.



***അഭിനന്ദനങ്ങൾ...*** *യുവദീപ്തി-എസ്എംവൈഎം ചങ്ങനാശേരി ഫൊറോനാ കലോത്സവത്തിൽ മാർഗംകളിയിൽ 1st A Grade നേടിയ കത്തീഡ്രൽ യുവദീപ്തി.*



## പരിസ്ഥിതി ദിനാചരണം (ജൂൺ 05)

പ്രകൃതി സംരക്ഷണത്തിനു ഊന്നൽ നൽകികൊണ്ട് കത്തീഡ്രൽ യൂണിറ്റ് യുവദീപ്തി അംഗങ്ങൾ അവരവരുടെ വീടുകളിൽ ചെടികൾ നട്ടു പരിസ്ഥിതി ദിനം ആചരിച്ചു.

## വി. തോമസ് മൂർ ദിനാചരണം (ജൂൺ 23)

യുവദീപ്തി എസ്.എം.വൈ.എമ്മിന്റെ സ്വർഗീയ മധ്യസ്ഥനായ വി. തോമസ് മൂറിന്റെ തിരുന്നാളിനോടനുബന്ധിച്ചു 23/06/2024 ഞായറാഴ്ച രാവിലെ 6:45 ന്റെ പരി. കുർബാന യുവജനങ്ങൾക്ക് വേണ്ടി പ്രത്യേകം ക്രമീകരിച്ചു. കുർബാനയ്ക്കുശേഷം ബഹുമാനപ്പെട്ട വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ പതാക ഉയർത്തുകയും പ്രസിഡന്റ് കാർമൽ ജോബി മാത്യു വി. തോമസ് മൂർ ദിനത്തിന്റെ സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മധുരവിതരണം നടത്തി.

## നവാഗതർക്ക് സ്വാഗതം (ജൂൺ 23)

യുവദീപ്തി എസ്.എം.വൈ.എമ്മിന്റെ സ്വർഗീയമധ്യസ്ഥനായ വിശുദ്ധ തോമസ് മൂറിന്റെ തിരുന്നാളിനോടനുബന്ധിച്ചു 23.06.2024 രാവിലെ 10 മണിയുടെ വി. കുർബാനയ്ക്കു ശേഷം കത്തീഡ്രൽ, അസംപ്ഷൻ എന്നി വിടങ്ങളിലെ സൺഡേസ്കൂൾ കുട്ടികൾക്ക് തോമസ് മൂർ ദിനത്തിന്റെ മധുരം വിതരണം ചെയ്യുകയും +1, +2 കുട്ടികളെ പ്രത്യേകമായി സംഘടനയിലേക്ക് അംഗത്വം നൽകി സ്വാഗതം ചെയ്യുകയും ചെയ്തു.

## ലഹരി വിരുദ്ധ ദിനാചരണം (ജൂൺ 26)

യുവദീപ്തി എസ്.എം.വൈ. എം കത്തീഡ്രൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശങ്ങളും നിർദ്ദേശങ്ങളും, 2024 വർഷത്തെ തീമും അടങ്ങിയ ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കി, ഇടവകാംഗങ്ങൾക്ക് സാമൂഹിക മാധ്യമങ്ങൾ വഴി വിതരണം ചെയ്തു. ഒപ്പം കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ വകുപ്പിന്റെയും നാർകോട്ടിക്സ് ബ്യൂറോയുടെയും സംയുക്ത ഓൺലൈൻ പ്രതിജ്ഞയിൽ, 25 ഓളം യുവജനങ്ങൾ പങ്കെടുത്തു.

## സോഷ്യൽ മീഡിയ ബോധവൽക്കരണം.

സാമൂഹികവും ആദ്ധ്യാത്മികവുമായ വിവിധ ദിനാചരണങ്ങൾ, പൊതുവിഷയങ്ങളിൽമേലുള്ള അവബോധം, സമകാലിക വിഷയങ്ങളിലുള്ള ബോധവൽക്കരണം എന്നിവ യുവജനങ്ങളിലേക്കും ഇടവക ജനങ്ങളിലേക്കും എത്തിക്കുവാൻ നവമാധ്യമങ്ങളായ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, യൂട്യൂബ് എന്നിവയുടെ സഹായത്തോടെ വിവിധങ്ങളായ പോസ്റ്റുകൾ പബ്ലിഷ് ചെയ്തുവരുന്നു. ഇതിനു സാവിയോ ബിജു നേതൃത്വം നൽകുന്നു.

## മദ്യവിരുദ്ധസമിതി കത്തീഡ്രൽ ശാഖ

മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ടവരുടെ ഭവനങ്ങളിൽ സിസ്റ്റർ റജിൻമേരിയുടെ നേതൃത്വത്തിൽ അവരുടെ ഭവനങ്ങളിൽ പോകുകയും അവർക്കുവേണ്ട കൗൺസിലിംഗ് കൊടുക്കുകയും ചെയ്തു. പ്രസിഡണ്ട് സിന്നിച്ചൻ ചക്കുപുരയ്ക്കന്റെ നേതൃത്വത്തിൽ ലഹരിക്ക് അടിമപ്പെട്ടവരെ ആലപ്പുഴ ഐ.എം.എസ്. ധ്യാനകേന്ദ്രത്തിൽ കൊണ്ടുപോകുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. ചങ്ങനാശേരി അല്മായരുടെ നേതൃത്വത്തിൽ നടത്തിവരുന്ന ഹോമിയോ ട്രീറ്റ്മെന്റിൽ നമ്മുടെ ഇടവകയിൽനിന്ന് 10 കുടുംബങ്ങൾക്ക് മരുന്ന് വാങ്ങി കൊടുക്കുകയും ചെയ്തു. അല്മായരുടെ നേതൃത്വത്തിൽ നടത്തിവരുന്ന ഡി-അഡിക്ഷൻ സെന്ററിൽ ഒരു കുടുംബത്തെ കൊണ്ടുപോയി ചികിത്സ നടത്തി. നിയുക്ത ആർച്ച്ബിഷപ്പ് മാർ തോമസ് തറയിൽ പിതാവിനു കത്തീഡ്രൽ നൽകിയ സ്വീകരണത്തിനു എല്ലാ അംഗങ്ങളും പങ്കെടുത്തു. മദ്യവിരുദ്ധസമിതിയുടെ പുതിയ ഡയറക്ടർ അച്ചൻ റവ. ഫാ. നിഖിൽ അറക്കത്തറ അച്ചന് പ്രസിഡണ്ട് കത്തീഡ്രൽ മദ്യവിരുദ്ധമിതി കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. എല്ലാ മാസവും ഞങ്ങളുടെ കുടുംബങ്ങളിൽ നടക്കുന്ന പ്രാർത്ഥനാകൂട്ടായ്മയ്ക്ക് ബ്രദർ വർഗ്ഗീസ് മാവേലിക്കരയും ബ്രദർ പ്രിൻസ് പോരുവഴിയും നേതൃത്വം നൽകുന്നു.

പ്രസിഡണ്ട് — സെക്രട്ടറി

**സിന്നിച്ചൻ ചക്കുപുരയ്ക്കൽ** — **ജോസി കല്ലുകളം**

## കത്തീഡ്രൽ എ.കെ.സി.സി.

### ലോകപരിസ്ഥിതി ദിനം

ലോകപരിസ്ഥിതിദിനത്തിനു മുന്നോടിയായി കത്തീഡ്രൽ എകെസിസി മരം ഒരു വരം പരിപാടിയുടെ ഉദ്ഘാടനം കത്തീഡ്രൽ അങ്കണത്തിൽ വിയറ്റ്നാം ഏർളി പ്ലാവ് തൈകൾ നട്ടുകൊണ്ട് കത്തീഡ്രൽ അസി. വികാരി ഫാ. പിൻ തുണ്ടുകളം ഉദ്ഘാടനം ചെയ്തു.

### അഭിനന്ദനങ്ങൾ

കേരള വ്യാപാരി വ്യവസായി ഏകോപനസമതി ജില്ലാ സെക്രട്ടറിയായും സംസ്ഥാന കൗൺസിൽ അംഗവുമായി തെരഞ്ഞെടുത്ത ടോമിച്ചൻ അയ്യരുകുളങ്ങരയെ യോഗം അനുമോദിച്ചു.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമതിയുടെ സെക്രട്ടറിയായി തെരഞ്ഞെടുത്ത ടോമിച്ചൻ അയ്യരുകുളങ്ങര, അതിരൂപത സെക്രട്ടറിമാരായി തെരഞ്ഞെടുത്ത സൈബി അക്കര, കെ.എസ്. ആന്റണി കരിമറ്റം,

എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുത്ത ജോസി കല്ലുകളം, ഫൊറോന പ്രസിഡന്റായി തെരഞ്ഞെടുത്ത മേരിക്കുട്ടി പാറക്കടവിൽ എന്നിവരെ കത്തീഡ്രൽ എകെസിസി യോഗം അനുമോദിച്ചു.

**ദർശൻ 2024**

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ ദർശൻ 24 ൽ നമ്മുടെ യൂണിറ്റിൽനിന്ന് 6 ഭാരവാഹികൾ ആദ്യവസാനം വരെ സംബന്ധിച്ചു.

## വീട്ടുമുറ്റത്ത് ഒരു പച്ചക്കറിത്തോട്ടം

കത്തീഡ്രൽ എകെസിസി പതിവായി നടത്തിവരുന്ന വീട്ടുമുറ്റത്ത് ഒരു പച്ചക്കറിത്തോട്ടം പദ്ധതിക്ക് തുടക്കമായി. നൂറോളം വീടുകൾക്ക് വിത്തുകൾ സൗജന്യമായി വിതരണം ചെയ്തു. വിതരണ ഉദ്ഘാടനവും ലഘുലേഖയുടെ വിതരണവും അസി. വികാരി ഫാ. ജെറിൻ കാവനാട്ട് നിർവ്വഹിച്ചു.

**പടവ്–2024**


കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത ളായിക്കാട് സെന്റ് ജോസഫ് പള്ളിയിൽ വച്ച് നടത്തിയ അർദ്ധവാർഷിക നേതൃ സംഗമത്തിൽ കത്തീഡ്രൽ എകെസിസി 10 പേരെ സംബന്ധിപ്പിച്ചു.

**ടോമിച്ചൻ അയ്യരുകുളങ്ങര** (പ്രസിഡന്റ്)

**ജോസി കല്ലുകളം** (സെക്രട്ടറി)

## ഡീക്കന്മാരുടെ ഭവനസന്ദർശനം

My Parish App, ഡയറക്ടറിക്കുവേണ്ടിയുള്ള വിവരശേഖരണം എന്നിവയ്ക്കായി ദിവ്യകാരുണ്യ മിഷനറി സഭാംഗങ്ങളായ ഡീ. റിൻസ് കടന്തോട്, ഡീ. ജിനോ വാഴപ്പനാടിയിൽ എന്നിവർ ഭവന സന്ദർശനം നടത്തിക്കൊണ്ടിരിക്കുന്നു. കാക്കാംതോട്, മറ്റം, കത്തീഡ്രൽ, അങ്ങാടി, പാസ്റ്ററൽ സെന്റർ വാർഡുകളിൽ വിവരശേഖരണം പൂർത്തിയാക്കി.



*അൾത്താര ബാലന്മാരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ ബർക്കുമൻസിന്റെ തിരുനാൾ*

## നിയുക്ത ആർച്ചുബിഷപ്പ് മാർ തോമസ് തറയലിന്റെ സ്ഥാനാരോഹണത്തിനും, മാർ ജോസഫ് പെരുന്തോട്ടത്തിന് നന്ദി പ്രകാശനത്തിനുമുള്ള വേദിയുടെ ഒരുക്കങ്ങൾ ആരംഭിച്ചു.



ചങ്ങനാശേരി അതിരൂപത നിയുക്ത ആർച്ചുബിഷപ്പ് മാർ തോമസ് തറയലിന്റെ സ്ഥാനാരോഹണത്തിനും മാർ ജോസഫ് പെരുന്തോട്ടത്തിന് നന്ദി പ്രകാശനത്തിനുമായി കത്തീഡ്രൽ പള്ളി അങ്കണത്തിൽ തയ്യാറാക്കുന്ന വേദിയുടെ കാൽനാട്ടുകർമം വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവ്വഹിച്ചു. കത്തീഡ്രൽ വികാരി വെരി. റവ. ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ, ജനറൽ കോഡിനേറ്റർ ഫാ. ഡോ. തോമസ് കറുകക്കളം, റവ. ഫാ. ജെയിംസ് കൊക്കാവയലിൽ, റവ. ഫാ. ജോർജ് മാന്തുരുത്തി, റവ. ഫാ. മാത്യൂ മാളിയേക്കൽ, റവ. ഫാ. ലിബിൻ തുണ്ടുകളം, സൈബി അക്കര, ജോമി കാവാലം, ലാലിച്ചൻ മുക്കാടൻ, ബിനോ പാറക്കടവിൽ, ജോബി തൂമ്പുങ്കൽ, എ.ജെ. ജോസഫ് ആലഞ്ചേരി, ടോമിച്ചൻ അയ്യരുകുളങ്ങര തുടങ്ങിയവർ പങ്കെടുത്തു.



ചങ്ങനാശ്ശേരി
സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ
വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ

**മകരം തിരുനാൾ**

മകരം 10, 11 (2025 ജനുവരി 23, 24) തീയതികളിൽ

ആഘോഷപൂർവമായ തിരുക്കർമ്മങ്ങൾ
കലാപരിപാടികൾ, പട്ടണപ്രദക്ഷിണം



# ജലത്താലും ആത്മാവിനാലും

1. കരിക്കളം ഷെല്ലി - പ്രിയ മകൾ ട്രീസ 18.05.2024
2. കരിക്കളം ഷെല്ലി - പ്രിയ മകൻ ദേവസ്യാ 18.05.2024
3. കരിക്കളം ഷെബിൻ - സെൽജു മകൻ ജോസഫ് 18.05.2024
4. മുല്ലാറ തോമസ് - മറിയം മകൻ അബ്രാം 28.05.2024
5. വടക്കേമുറി ജോഷി-അലൈസിയ മകൻ ജേക്കബ് 03.06.2024
6. പുത്തൻപുരയ്ക്കൽ സിജോ - റെൻസി മകൾ മറിയം 10.07.2024
7. എട്ടുകെട്ടിൽ മാത്യു - നീനമോൾ മകൻ ജേക്കബ് 13.07.2024
8. പൊട്ടുകളം റോയി - ഡോണ മകൻ മാരിയസ് ജോസഫ് 17.08.2024
9. പള്ളിക്കിഴക്കതിൽ ജോസഫ് - ഏലിയാമ്മ മകൾ എസ്തേർ 13.08.2024
10. കാവാലംപുത്തൻപുര റ്റോം - ബാല മകൾ അന്ന 17.08.2024
11. എരിഞ്ഞേരി കെന്നി - ഓഷിൻ മകൾ അന്ന 25.08.2024
12. പാറയ്ക്കൽ അനീഷ് - മെർളി മകൻ പോൾ 14.09.2024
13. പെരുമ്പായിൽ ഷൈജൻ - റിന്റാ മകൾ സാറ 23.09.2024
14. കോട്ടപ്പുറം ജോമോൻ - ചിഞ്ചു മകൾ ആനി 23.09.2024
15. ചേരിക്കൽ തങ്കച്ചൻ - പൊന്നമ്മ മകൾ ഏലിയാമ്മ 23.09.2024
16. വൈക്കത്തുച്ചിറ ബിജു - ബിനു മകൾ തെരേസ 23.09.2024
17. വൈക്കത്തുച്ചിറ ബിജു - ബിനു മകൻ ജോസഫ് 23.09.2024
18. വൈക്കത്തുച്ചിറ ബിജു - ബിനു മകൻ ജേക്കബ് 23.09.2024
19. പാട്ടത്തിൽ ഷാജി - സിയ മകൾ മരിയ 23.09.2024
20. നല്ലൂപറമ്പ് ജിത്തു - അലീഷ മകൾ റോസ് 23.09.2024
21. നല്ലൂപറമ്പ് ജിത്തു - അലീഷ മകൾ അന്ന 23.09.2024
22. നല്ലൂപറമ്പ് ജിത്തു - അലീഷ മകൾ ഏലീശ്വാ 23.09.2024
23. മുല്ലാറമുണ്ടയ്ക്കൽ റ്റിജിൻ - ജാൻസി മകൻ തോമസ് 29.09.2024
24. തുമ്പുങ്കൽ ലിബിൻ - അലീന മകൻ സെബാസ്റ്റ്യൻ 30.09.2024

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക തുറശ്ശേരി ജോർജ് – മോളി മകൻ ജോർജും പാലാ സെന്റ് തോമസ് കത്തീഡ്രൽ ഇടവക മണർകാട് ബിജു – സിന്ധു മകൾ മരിയയും തമ്മിലുള്ള വിവാഹം – 18.05.2024
2. ഈ ഇടവക വട്ടപ്പറമ്പിൽ ജോസ് – സോഫി മകൻ ഫിലിപ്പും വെട്ടിമുകൾ ഇടവക വലിയമലയിൽ ജോൺ – മേരി മകൾ റോസിലിനും തമ്മിലുള്ള വിവാഹം – 27.05.2024
3. ഈ ഇടവക മണമേൽ വർഗീസ് – മറിയമ്മ മകൻ മാത്യുവും പൂഞ്ഞാർ ഇടവക കപ്പിയാങ്കൽ തോമസ് – മോളി മകൾ മറിയവും തമ്മിലുള്ള വിവാഹം – 29.05.2024
4. ഈ ഇടവക കോയിപ്പള്ളിൽ ജിജൻ – ബീന മകൻ തോമസും ആലുവ ഇടവക മൂലക്കാട് ബോസ് – ബീന മകൾ എലിസബത്തും തമ്മിലുള്ള വിവാഹം – 14.07.2024
5. ഈ ഇടവക തൂമ്പുങ്കൽ റോജി – ബീന മകൻ ജോർജും ഓടനാവട്ടം ഇടവക പാറയിൽ സജി – പ്രീത മകൾ റെയ്ച്ചലും തമ്മിലുള്ള വിവാഹം – 18.07.2024
6. ഈ ഇടവക ഉമാപറമ്പിൽ ജോസഫ് – ലീലാമ്മ മകൻ ജേക്കബും ഈ ഇടവക പള്ളിക്കിഴക്കേതിൽ ജോസഫ് – ഏലിയാമ്മ മകൾ എസ്തേറും തമ്മിലുള്ള വിവാഹം – 13.08.2024
7. ഈ ഇടവക ഉായിക്കരിപാറയിൽ സേവ്യർ – വത്സമ്മ മകൻ ജോസഫും ധർമ്മരം ഇടവക വല്യാത്ത് ബിനു-സൂസൻ മകൾ സൂസന്നയും തമ്മിലുള്ള വിവാഹം – 26.08.2024
8. ഈ ഇടവക നാല്പതാംകളം തോമസ് – ബീന മകൻ തോമസും പോട്ട ഇടവക പുതുശ്ശേരി കാട്ടാളൻ ജോൺസൺ – ജെജി മകൾ മരിയയും തമ്മിലുള്ള വിവാഹം – 06.08.2024
9. ഈ ഇടവക കട്ടപ്പുറം ജോർജ് – റ്റെസി മകൻ ചാക്കോയും മണ്ണന്തല ഇടവക ഒഴുകയിൽ തോമസ് – മറിയാമ്മ മകൻ മേരിയും തമ്മിലുള്ള വിവാഹം – 28.08.2024



10. ഈ ഇടവക വാലോലിയ്ക്കൽ ജോസഫ്-റോസമ്മ മകൻ ജോസഫും തിരവഞ്ചൂർ ഇടവക കൊല്ലിടക്കാട്ട് തമ്പി - ബിന്ദു മകൾ എലിസബത്തും തമ്മിലുള്ള വിവാഹം -16.09.2024
11. ഈ ഇടവക കോട്ടപ്പുറം സോജൻ - കുഞ്ഞുമോൾ മകൻ ജോസഫും തെള്ളകം ഇടവക കാഞ്ഞിരപ്പാറ ബെന്നി - ലിസി മകൾ മറിയവും തമ്മിലുള്ള വിവാഹം -23.09.2024
12. ഈ ഇടവക വൈക്കത്തുചിറ ജോസഫ് - ത്രേസ്യാമ്മ മകൻ തോമസും ഈ ഇടവക ചേരിക്കൽ തങ്കച്ചൻ - പൊന്നമ്മ മകൾ ഏലിയാമ്മയും തമ്മിലുള്ള വിവാഹം - 23.09.2024
13. ഈ ഇടവക നല്ലൂപ്പറമ്പിൽ ജോർജ് - കുഞ്ഞുമോൾ മകൻ തോമസും ഈ ഇടവക പാട്ടത്തിൽ ഷാജി- സുജ മകൾ മരിയയും തമ്മിലുള്ള വിവാഹം - 23.09.2024


# ഉത്ഥിതനോടൊപ്പം

| | | |
|---|---|---|
| 1. | പുതുശ്ശേരി ലില്ലിക്കുട്ടി സ്കറിയ (85 വയസ്) | 19.05.2024 |
| 2. | കൊരണ്ടക്കാട്ട് ജോസഫ് തോമസ് (50) | 19.05.2024 |
| 3. | ഏലംകുന്നം തോമസ് വർഗീസ് (60) | 20.05.2024 |
| 4. | വെട്ടുകുഴി മൈക്കിൾ വർഗീസ് (62) | 04.06.2024 |
| 5. | കരിങ്ങട മാത്യു തോമസ് (87) | 04.06.2024 |
| 6. | കരിങ്ങണാമറ്റം ജോസഫ് തോമസ് (67) | 04.06.2024 |
| 7. | കണ്ണംപേരൂർ കെ.എം. വിൻസെന്റ് (81) | 14.06.2024 |
| 8. | കല്ലുകളം തങ്കമ്മ ലൂക്കാ (71) | 20.06.2024 |
| 9. | ആറാട്ടുകുളങ്ങര ത്രേസ്യാമ്മ ജോസഫ് (85) | 22.06.2024 |
| 10. | കടുപ്പിൽ ലൂക്കോസ് കെ. തോമസ് (21) | 23.06.2024 |
| 11. | വെട്ടുകുഴി മേരി ജോസഫ് (77) | 29.06.2024 |
| 12. | കുന്നത്തുപറമ്പ് മറിയാമ്മ ഫ്രാൻസിസ് (74) | 30.06.2024 |
| 13. | ചേന്നാട്ടുശേരി മേരിക്കുട്ടി ചാക്കോ (93) | 01.07.2024 |
| 14. | കരിയാടിപ്പറമ്പിൽ ജോസഫ് ചാക്കോ (78) | 02.07.2024 |
| 15. | കുരിശുംമൂട്ടിൽ മറിയാമ്മ ഫിലിപ്പോസ് (80) | 03.07.2024 |
| 16. | പടിഞ്ഞാറേക്കളം റെജി ജോസഫ് (58) | 05.07.2024 |

| | | |
|---|---|---|
| 17. | അഴിമുഖം സെലിനാമ്മ തോമസ് (84) | 07.07.2024 |
| 18. | കക്കാട്ട് സാറാമ്മ വർഗീസ് (85) | 09.07.2024 |
| 19. | കടവിൽ കെ.ജെ. മാത്യു (93) | 13.07.2024 |
| 20. | മൂലമുറി ദേവസ്യാ ജെയിംസ് (78) | 15.07.2024 |
| 21. | ഏലംകുന്നത്ത് മോളമ്മ തോമസ് (70) | 14.07.2024 |
| 22. | കല്ലുകളം അന്നമ്മ തോമസ് (95) | 16.07.2024 |
| 23. | കുന്നത്തുപറമ്പിൽ ജീവൻ വർഗീസ് (45) | 19.07.2024 |
| 24. | പൊട്ടുകുളം സിബി മത്തായി (60) | 20.07.2024 |
| 25. | ചമ്പക്കുളം മറിയാമ്മ (94) | 21.07.2024 |
| 26. | കല്ലുകളം ക്ലാരമ്മ ദേവസ്യാ (96) | 20.07.2024 |
| 27. | മൂലമുറിയിൽ സൈജു ദേവസ്യാ (51) | 22.07.2024 |
| 28. | കരിങ്ങട കെ.ജെ. ജോർജ് (76) | 22.07.2024 |
| 29. | പ്ലാംപറമ്പിൽ മേരിക്കുട്ടി വർഗീസ് (87) | 24.07.2024 |
| 30. | പാറക്കടവിൽ കുഞ്ഞമ്മ ജോസ് (82) | 25.07.2024 |
| 31. | പാലാത്ര ചാക്കോ ജോസഫ് (79) | 29.07.2024 |
| 32. | തകിടിയേൽ സ്കറിയാ ജേക്കബ് (88) | 04.08.2024 |
| 33. | ചിറ്റാലുംമൂട്ടിൽ സെബാസ്റ്റ്യൻ സി. എസ്. (66) | 04.08.2024 |
| 34. | പാലാത്ര ഗ്രേസ് മാത്യു (73) | 07.08.2024 |
| 35. | തൂമ്പുങ്കൽ ത്രേസ്യാമ്മ കുര്യൻ (81) | 15.08.2024 |
| 36. | ചീരംവേലിൽ റോസമ്മ ജോസഫ് (74) | 14.08.2024 |
| 37. | തൂമ്പുങ്കൽ അമ്മിണിക്കുട്ടി വർഗീസ് (87) | 19.08.2024 |
| 38. | ചക്കാല ജോസഫ് ഫിലിപ്പ് (84) | 25.08.2024 |
| 39. | തോട്ടാശ്ശേരി മറിയാമ്മ സെബാസ്റ്റ്യൻ (91) | 06.09.2024 |
| 40. | കുരിശുംമൂട്ടിൽ കെ.എസ്. ഫിലിപ്പ് (91) | 07.09.2024 |
| 41. | മാളേയ്ക്കപ്പറമ്പിൽ മേരിക്കുട്ടി വർഗീസ് (86) | 08.09.2024 |
| 42. | കാട്ടടി കെ.ജെ. സെബാസ്റ്റ്യൻ (84) | 11.09.2024 |
| 43. | കടന്തോട് കെ.റ്റി. ജോസഫ് (88) | 15.09.2024 |
| 44. | കിഴക്കേപ്പുറമ്പിൽ സണ്ണി സെബാസ്റ്റ്യൻ (61) | 17.09.2024 |
| 45. | പുത്തൻപുരയ്ക്കൽ വർഗീസ് തോമസ് (67) | 22.09.2024 |
| 46. | പടിഞ്ഞാറേക്കര പി.ജെ. ജെയിംസ് (91) | 25.09.2024 |

# സ്നേഹസ്മരണയ്ക്ക്

## 52–ാം ചരമവാർഷികം



## T. F. ചാക്കോ (വാവച്ചൻ)

തൂമ്പുങ്കൽ
അരമനക്കു വടക്കുവശം
ചങ്ങനാശ്ശേരി

ജനനം: 19. 08. 1928
മരണം: 29. 11. 1972

## 13–ാം ചരമവാർഷികം



## ഫ്രാൻസിസ് കുഞ്ഞ് ജേക്കബ് (ബാബു)

തൂമ്പുങ്കൽ
അരമനക്കു വടക്കുവശം
ചങ്ങനാശ്ശേരി

ജനനം: 03. 06. 1954
മരണം: 25. 06. 2011

# സ്നേഹസ്മരണയ്ക്ക്





കെ.പി. അന്തോനിച്ചൻ  പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി


THOMSONS
MATTRESSES
Durable
Anti Microbacterial
Hygienic
Medium Firm
നട്ടെല്ലിന്
മികച്ച CARE,
ഇത് ഞങ്ങളുടെ ഉറപ്പ്!
IMAGE FOR ILLUSTRATIVE PURPOSES ONLY.
INDUSTRY LEADING
5 YEAR WARRANTY
+91 8089351893
+91 96337 51893
7/133 Ayyarukulangara Enterprises,
market road, Changanacherry-686101

# പാവനസ്മരണയ്ക്ക്



## ജോണപ്പൻ

( പി. സി. ജോൺ )

1 മാർച്ച് 1932 – 6 സെപ്റ്റംബർ 1984



## സാലാമ്മ

( മറിയാമ്മ തോമസ് )

15 ജൂൺ 1939 – 21 ഓഗസ്റ്റ് 2006

**പാറക്കടവിൽ, വാഴപ്പള്ളി, ചങ്ങനാശ്ശേരി**

സന്തപ്തകുടുംബാംഗങ്ങൾ

ബിന്ദു & കുഞ്ഞുമോൻ, നിവേദ്, നിമിഷ
ബിനോ & സീമ, നിർമൽ, നീലിമ
ബിജോയ് & വിൻസി, നിലീന, നിധി, നികിത, നിഖിൽ